ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയം നടപ്പിലാക്കിക്കഴിഞ്ഞു മാത്രമേ ഇനി പുതിയ ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുള്ളു.

(ബി-ഡി) കായംകുളത്ത് ഒരു സർക്കിൾ ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇവിടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ചുവരുന്നു.

114 (1023) വൈദ്യുതി കണക്ഷൻ ലഭിക്കണമെന്ന ആവശ്യം

ശ്രീമതി എൻ.കെ. രാധ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പാലേരി, കുമ്പളം, തോട്ടത്താംകണ്ടി വൈദ്യുതീകരണ കമ്മിറ്റി കൺവീനർ ശ്രീ.കെ. ബാലൻ നായർ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ.കെ. ബാലൻ നായരുടെ നിവേദനത്തിൽ പറയുന്ന വൈദ്യുതി കണക്ഷൻ 23/4/99-ൽ 19961-ാം കൺസ്യൂമർ നമ്പരായി ശ്രീമതി നിർമ്മലാമ്മ, വാഴയിൽ ഹൗസ്, പലേരി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ സർവ്വീസ് കണക്ഷൻ വെതർപ്രൂഫ് കണക്ഷനുകളുടെ നോർമൽ കാറ്റഗറിയിൽപ്പെട്ടതാണ്. ഈ സർവ്വീസ് കണക്ഷൻ മുൻഗണനാക്രമത്തിനു വിധേയമായി ഈ സാമ്പത്തിക വർഷത്തിൽ തന്നെ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

115 (1024) കുറ്റ്യാട്ടൂർ 33 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 33 കെ.വി.സബ്സ്റ്റേഷന്റെ അവസ്ഥ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷംതന്നെ ഈ സ്റ്റേഷന്റെ പ്രവൃത്തി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷന്റെ പണിയുടെ ടെണ്ടർ തീരുമാനമായിട്ടുണ്ട്. 2000-ജനുവരിയിൽ പണി തുടങ്ങാനുള്ള വർക്ക് ഓർഡർ കൊടുക്കുവാൻ സാധിക്കും.

(ബി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly